**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ**
**ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

**No. 131/2017**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്!

പ്രിയരെ,

ഇന്ത്യാ ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളിൽ ഉണ്ടായ മാറ്റങ്ങളെ തുടർന്ന്, ബാങ്ക് അക്കൗണ്ടുകൾ മുഖാന്തിരം നടത്തുന്ന ഇടപാടുകളും ഇൻകംടാക്സ് ഡിപ്പാർട്ടുമെന്റ് വളരെ സൂക്ഷ്മമായി നിരീക്ഷിക്കുകയും, കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുള്ള കാര്യം നിങ്ങൾ ഏവരും ശ്രദ്ധിക്കുന്നുണ്ടല്ലോ? പ. സഭയ്ക്ക് അനുവദിച്ചിരിക്കുന്ന പാൻകാർഡിന്റെ പകർപ്പ് നമ്മുടെ അനുവാദത്തോടെ വിവിധ ബാങ്കുകളിൽ നൽകിയാണ് ഈ അക്കൗണ്ടുകൾ ആരംഭിച്ചിരിക്കുന്നത്. ഒരു പാൻകാർഡുപയോഗിച്ച് ഒരു അക്കൗണ്ടുമാത്രം എന്ന കർശനനിർദ്ദേശത്തെ തുടർന്ന് പല പള്ളികൾക്കും നിലവിലുള്ള അക്കൗണ്ടിൽ ഇടപാടു നടത്തുന്നതിന് തടസം നേരിടുന്നതായി നമ്മുടെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. ഇത്തരത്തിലുള്ള സാങ്കേതിക തടസ്സം നീക്കുന്നതിന് നമ്മുടെ കാതോലിക്കേറ്റ് ഓഫീസ് വിവിധ ബാങ്കുകളുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയണ്. ആയതിലേക്ക് സഭയുടെ വിവിധ മെത്രാസനങ്ങളുടെയും, ഇടവകകളുടെയും, ചാപ്പലുകളുടെയും, ആശ്രമങ്ങളുടെയും കോൺവെന്റുകളുടെയും, ദയറാകളുടെയും, കോൺഗ്രിഗേഷനുകളുടെയും, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, ഓർഫനേജുകൾ, അദ്ധ്യാത്മിക പ്രസ്ഥാനങ്ങൾ, മറ്റു സ്ഥാപനങ്ങൾ ഇവയുടേയും പേരിൽ വിവിധ ബാങ്കുകളിൽ ഉള്ള അക്കൗണ്ടുകളെ സംബന്ധിച്ച താഴെ പറയുന്ന വിവരങ്ങൾ 2017 ജൂൺ മാസം 20-ന് മുമ്പായി അസോസിയേഷൻ സെക്രട്ടറി, കാതോലിക്കേറ്റ് ഓഫീസ്, ദേവലോകം, കോട്ടയം 686004. എന്ന വിലാസത്തിൽ തപാലിലോ, catholicateoffice@mosc.in എന്ന ഇ-മെയിലിലോ അറിയിക്കുവാൻ നാം നിർബന്ധമായും ആവശ്യപ്പെടുന്നു.

1) ബാങ്കിന്റെ പേര്
2) ശാഖയുടെ പേരും, കോഡ് നമ്പരും
3) അക്കൗണ്ട് നമ്പർ
4) അക്കൗണ്ടിന്റെ മുഴുവൻ പേര്
5) സഭയുടെ PAN ഉപയോഗിച്ചിട്ടുണ്ടെങ്കിൽ ആ വിവരം.

ബാങ്കിടപാടുകൾ സുഗമമായി നടത്തുന്നതിലേക്കു വേണ്ടതായ നടപടികൾ കൈക്കൊള്ളുന്നതിന് മേൽപറഞ്ഞ വിവരങ്ങൾ സമയബന്ധിതമായി നൽകണമെന്ന് നാം നിങ്ങളെ ഉൽബോധിപ്പിക്കുന്നു. നടപടികൾ സമയബന്ധിതമായി പൂർത്തീകരിച്ച് വിവരങ്ങൾ കൃത്യമായും വ്യക്തമായും അയച്ചുതരേണ്ടത് നിലവിലുള്ള സാഹചര്യത്തിൽ അത്യന്തം ആവശ്യമാണ്. ഇപ്രകാരം നിർവ്വഹിക്കാത്ത പക്ഷം സർക്കാരിൽ നിന്ന് ഉണ്ടാകാവുന്ന നടപടികൾക്കും സാമ്പത്തിക ബാദ്ധ്യതയ്ക്കും അതതു സ്ഥാപനം / പ്രസ്ഥാനം മാത്രമായിരിക്കും ഉത്തരവാദിത്തം വഹിക്കേണ്ടിവരിക എന്ന് നാം പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

2017 ജൂൺ മാസം 02 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.